LIBRARY ARCHIVES Kerala Legislative Assembly

മഴവെള്ളക്കൊയ്ത്ത്

71 [251] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, ഇ. എം. അഗസ്തി:

,, എം. എ. ചന്ദ്രശേഖരൻ:

,, കെ. മുഹമ്മദാലി:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ളക്കൊയ്ത്ത് പരിപാടിയിൽ എത്ര വ്യക്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു സംഘടനകളും പങ്കെടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ ഓഫീസുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) മഴവെള്ളക്കൊയ്ത്ത് സംബന്ധിച്ച് നടപ്പാക്കിയ കാര്യങ്ങളുടെ സൂക്ഷ്മ വിവരം നൽകുമോ;

(ഡി) മഴവെള്ളക്കൊയ്ത്ത് കൊണ്ടുണ്ടായ നേട്ടങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ കെ.ആർ.ഡബ്ല്യു.എസ്.എ. വഴി നടപ്പാക്കുന്ന മഴവെള്ള സംഭരണ പ്രചരണ പരിപാടി നടപ്പിലാക്കുവാൻ 16 സന്നദ്ധസംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതു കൂടാതെ കേരളത്തിലെ വിവിധ സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയും കെ.ആർ.ഡബ്ല്യു.എസ്.എ. വഴി സർക്കാർ നടപ്പാക്കുന്ന മഴവെള്ള സംഭരണപ്രചരണ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽപ്പെടുത്തി മഴവെള്ളക്കൊയ്ത്ത് പദ്ധതി നടപ്പാക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയും ഇത്തരം പദ്ധതി നടപ്പാക്കുന്നുണ്ട്.

(ബി) മഴവെള്ളസംഭരണ പ്രചരണ പരിപാടിയുടെ ഭാഗമായുള്ള 650-ഓളം മാതൃകാ മഴവെള്ളസംഭരണികളിൽ എല്ലാം തന്നെ സർക്കാർ സ്ഥാപനങ്ങളിലാണ് നിർമ്മിക്കുന്നത്. ഓരോ ജില്ലയിലും ജലക്ഷാമം അനുഭവപ്പെടുന്ന 35 സർക്കാർ സ്ഥാപനങ്ങളിൽ 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണ യൂണിറ്റുകളും മറ്റ് 10 സ്ഥാപനങ്ങളിൽ 50,000 രൂപ വരെ ചെലവ് വരുന്ന വലിയ മഴവെള്ളക്കൊയ്ത്ത് യൂണിറ്റുകളുമാണ് നിർമ്മിക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ഇതിനകം 226 മഴവെള്ള സംഭരണ യൂണിറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 200 ഓളം യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. ഇതുകൂടാതെ

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, വെറ്ററിനറി കോളേജ്, തൃശ്ശൂർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് തുടങ്ങി രൂക്ഷമായ ജലക്ഷാമം നേരിടുന്ന കൂടുതൽ ജല ആവശ്യകതയുള്ള 25-ഓളം പ്രധാന സർക്കാർ സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണ-ഭൂജലപരിപോഷണം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി ആന്റ് ഡി) ഈ വർഷം മഴവെള്ള സംഭരണ പ്രചരണ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതിയെയാണ് പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു ജില്ലാ ഏകോപന സമിതിയും ജില്ലാ സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. പരിപാടിക്കുവേണ്ടി പരിശീലന പരിപാടികൾ ഏകോപിപ്പിക്കുവാനും നടപ്പിലാക്കുവാനുമായി ഒരു മാസ്റ്റർ സന്നദ്ധ സംഘടനയും അതാത് ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകൾക്കും 15 ലക്ഷം രൂപ വീതം കൈമാറുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനകം 112 ലക്ഷം രൂപ ജില്ലകളിലേക്ക് കൈമാറിക്കഴിഞ്ഞു. ഇതിൽ 1 ലക്ഷം രൂപ ബോധവൽക്കരണത്തിനും 8.25 ലക്ഷം രൂപ പരിശീലന നിർമ്മാണ പരിപാടികൾക്കും 5 ലക്ഷം രൂപ മാതൃകാ മഴവെള്ള സംഭരണികൾ നിർമ്മിക്കുവാനും 0.75 ലക്ഷം രൂപ ഭരണപരമായ കാര്യങ്ങൾക്കും പ്രയോജനപ്പെടുന്നതാണ്.

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 700 മേസ്തിരിമാർക്കും 350 സാങ്കേതിക വിദഗ്ധർക്കും മഴവെള്ള സംഭരണത്തിന്റെ വിവിധ വശങ്ങളിൽ സമഗ്ര പരിശീലനം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിവിധ ജില്ലകളിൽ പരിശീലന പരിപാടിയുടെ രണ്ടാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു. ഏകദേശം 45-ഓളം മാതൃകാ മഴവെള്ള സംഭരണ/മഴക്കൊയ്ത്ത് യൂണിറ്റുകൾ ഓരോ ജില്ലയിലും വിവിധ പൊതു സ്ഥാപനങ്ങളിലും സാമൂഹ്യപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലും പണികഴിപ്പിക്കാനും നടപടികൾ എടുത്തു വരുന്നു. സംസ്ഥാനത്തൊട്ടാകെ ഏകദേശം 250-ഓളം മഴവെള്ള സംഭരണ നിർമ്മിതികൾ പൂർത്തിയായിക്കഴിഞ്ഞു. ഇതുകൂടാതെ വിവിധ വിദ്യാഭ്യാസ/ആരോഗ്യ/പൊതുസ്ഥാപനങ്ങളിലായി ബൃഹത്തായ മഴവെള്ള സംഭരണ വിതരണ ശൃംഖലകൾ സർക്കാരിന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുവാനുള്ള ആലോചനകൾ നടന്നുവരുന്നു. ജില്ലാതലത്തിലുള്ള ജലസാക്ഷര പരിപാടികളും പുരോഗമിക്കുന്നു. ആകാശവാണി-ദൂരദർശൻ തുടങ്ങിയ മാധ്യമങ്ങളിൽ കൂടിയുള്ള വ്യാപകമായ പ്രചരണ പരിപാടികൾ ഫെബ്രുവരി മാസത്തോടെ ആരംഭിക്കും. മഴവെള്ള സംഭരണ പ്രചരണ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരത്തുള്ള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ഒരു മഴകേന്ദ്രം (Rain Center) പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ പരിപാടികൾ ഏകോപിപ്പിക്കലാണ് മഴകേന്ദ്രത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചുമതല. ജില്ലാ തലത്തിൽ ബോധവൽക്കരണ പ്രക്രിയ കൂടാതെ സംസ്ഥാന തലത്തിൽ ഒരു മാദ്ധ്യമ രൂപരേഖ തയ്യാറായി കഴിഞ്ഞു. പരിപാടിയുടെ ഭാഗമായി ഒരു കൈപുസ്തകവും രണ്ട് ലഘുലേഖകളും പ്രസിദ്ധീകരിച്ച് സൗജന്യമായി ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. പരിപാടിയുടെ ഭാഗമായി ഒരു ഡോക്യു മെന്ററി ചിത്രവും നിർമ്മിച്ച് സി.ഡി.യിലാക്കി വിതരണം ചെയ്യുന്നുണ്ട്. എല്ലാ ജില്ലകളിലും പരിപാടിയുടെ ഒന്നാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിൻ ദ്വീപിൽ പുലിമുട്ടുകൾ നിർമ്മിക്കുവാൻ നടപടി

72 [253] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ദ്വീപിൽ നിരന്തരമായി ഉണ്ടാകുന്ന കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പുലിമുട്ടുകൾ നിർമ്മിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ധനലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

പാറക്കടവ്-അമ്പലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

73 [254] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ കീഴുപറമ്പ് പഞ്ചായത്തിലെ പാലക്കടവ്-അമ്പലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത് എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി മണ്ഡലത്തിൽ കീഴുപറമ്പ് പഞ്ചായത്തിലെ പാറക്കടവ്-അമ്പലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഏറ്റെടുത്തിട്ടില്ല.